# അറിയിപ്പ്

No. LF/KLM/83(A)/18

ജില്ലാ ലൈഫ് മിഷൻ
കൊല്ലം
തീയതി: 07/03/2020
ഫോൺ: 9539878136

## ക്വട്ടേഷൻ നോട്ടീസ്

കൊല്ലം ജില്ലാ ലൈഫ് മിഷൻ ഓഫീസിന്റെ ആവശ്യത്തിലേക്കായി ടാക്സി പെർമിറ്റുള്ള സെഡാൻ മോഡൽ ഇനത്തിൽപ്പെട്ട സ്വിഫ്റ്റ് ഡിസയർ / ഹോണ്ട അമേസ്/ എറ്റിയോസ് കാർ (ഡ്രൈവർ ഉൾപ്പെടെ) വായകയ്ക്ക് നൽകുന്ന സ്ഥാപനങ്ങൾ / വ്യക്തികളിൽ നിന്നും സീൽ ചെയ്ത ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു. ക്വട്ടേഷനുകൾ 23/03/2020 ന് 3.00 മണിക്ക് മുൻപായി ലൈഫ് മിഷൻ കൊല്ലം ജില്ലാ കോർഡിനേറ്ററുടെ താഴെ കാണിച്ചിരിക്കുന്ന വിലാസത്തിൽ എത്തിക്കേണ്ടതാണ്. അന്നേ ദിവസം 4.00 മണിക്ക് ക്വട്ടേഷനുകൾ തുറന്ന് പരിശോധിക്കുന്നതാണ്. വൈകി ലഭിക്കുന്നവ പരിഗണിക്കുന്നതല്ല. ക്വട്ടേഷനുകൾ ചുവടെ പറയുന്ന നിബന്ധനകൾക്ക് വിധേയമായിരിക്കും.

1. പ്രതിമാസം 2000 കിലോമീറ്റർ ഓടുന്നതിനുള്ള നിരക്ക് രേഖപ്പെടുത്തിയിരിക്കണം.
2. വാടക പ്രതിമാസ അടിസ്ഥാനത്തിൽ അടുത്ത മാസമായിരിക്കും നൽകുന്നത്.
3. വാഹനം കരാർ അടിസ്ഥാനത്തിൽ ഒരു വർഷത്തേക്കാണ് എടുക്കുന്നത്.
4. സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.(പി)നം.45/2018/Trans, തീയതി 11/12/2018 പ്രകാരമുള്ള കി.മീ. നിരക്കിനനുസരിച്ചുള്ള ക്വട്ടേഷനുകളാണ് സമർപ്പിക്കേണ്ടത്. മറ്റ് നിബന്ധനകളോ വ്യവസ്ഥകളോ ആവശ്യമെങ്കിൽ കരാർ ഉറപ്പിക്കുന്ന സമയത്ത് ഉൾപ്പെടുത്തുന്നതായിരിക്കും.
5. വാഹനം നല്ല റണ്ണിങ്ങ് കണ്ടീഷനുള്ളതും 3 വർഷത്തിൽ കുറവ് പഴക്കമുള്ളതും ആയിരിക്കണം.

**ലൈഫ് മിഷൻ ജില്ലാ കോർഡിനേറ്റർക്ക് ഏതു ക്വട്ടേഷനും കാരണം കൂടാതെ നിരുപാധികം നിരസിക്കാൻ അധികാരം ഉണ്ടായിരിക്കുന്നതാണ്.**

(ഒപ്പ്)/-
**ജില്ലാകോർഡിനേറ്റർ**
**ലൈഫ് മിഷൻ കൊല്ലം**

**മേൽവിലാസം**

ജില്ലാകോർഡിനേറ്റർ
ലൈഫ് മിഷൻ
ദാരിദ്ര്യ ലഘൂകരണ വിഭാഗം
ജില്ലാപഞ്ചായത്ത്
തേവള്ളി, കൊല്ലം